## മഹാത്മാഗാന്ധി സർവ്വകലാശാല

**(സംഗ്രഹം)**

സർവ്വകലാശാലയിലെ ടെലിഫോൺ / ഇന്റർകോം സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതിനായി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 623/എ1/2/2018/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 30.01.2018

സൂചന: (1) 17.01.2018-ലെ രജിസ്ട്രാറുടെ കുറിപ്പ് നം. രജി.104/2/2018, വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം.
(2) ശ്രീ. കൃഷ്ണകുമാർ പി, EPABX -ന്റെ ചുമതലയുള്ള ഓവർ സിയർ ഗ്രേഡ് 1 (ഇലക്ട്രിക്കൽ)-ന്റെ 10.01.2018-ലെ റിപ്പോർട്ട്.

### <u>ഉത്തരവ്</u>

സർവ്വകലാശാലയിലെ വിവിധ സെക്ഷനുകളിൽ അനുവദിച്ചിരിക്കുന്ന ടെലിഫോൺ നമ്പറുകളിലേക്ക് വിളിച്ചാൽ ആരും തന്നെ ഫോൺ എടുക്കുകയോ മറുപടി നൽകുകയോ ചെയ്യുന്നില്ല എന്ന് പരാതികൾ ലഭിച്ചിരുന്നു. ഇതിനെത്തുടർന്ന് സർവ്വകലാശാലയിലെ ടെലിഫോണുകളുടെ പ്രവർത്തനം പരിശോധിക്കുവാൻ EPABX -ന്റെ ചുമതലയുള്ള ശ്രീ. കൃഷ്ണകുമാർ പി, ഓവർസിയറോട് ആവശ്യപ്പെടുകയും, ഈ വിഷയം സംബന്ധിച്ചുള്ള റിപ്പോർട്ട് ടിയാൻ സൂചന (2) പ്രകാരം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ചുകൊണ്ട്, സർവ്വകലാശാലയിലെ ടെലിഫോൺ/ഇന്റർകോം സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി, താഴെ പ്രതിപാദിച്ചിരിക്കുന്ന ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതിനായി വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. സർവ്വകലാശാലയിലെ ഓരോ സെക്ഷനിലും ചെയ്യുന്ന ജോലികളുടെ സംക്ഷിപ്ത രൂപവും സെക്ഷനുകളിലെ ടെലഫോൺ നമ്പറുകളും സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രസ്തുത വിവരം പത്രക്കുറിപ്പിലൂടെ പൊതുജനങ്ങളുടെയും വിദ്യാർത്ഥികളുടെയും അറിവിലേക്കായി നൽകേണ്ടതുമാണ്.

2. സർവ്വകലാശാലയിലെ ടെലഫോൺ നമ്പറുകളിലേക്ക് വിളിച്ചാൽ ഏന്തെങ്കിലും കാരണവശാൽ അത് എടുക്കാതിരിക്കുകയാണെങ്കിൽ, പ്രസ്തുത ടെലിഫോൺ നമ്പർ സഹിതം പരാതി അറിയിക്കുന്നതിനുവേണ്ടി, സ്റ്റുഡൻസ് ഗ്രീവൻസസിന്റെ ചുമതലയുള്ള ഡെപ്യൂട്ടി രജിസ്ട്രാറുടെ നമ്പറും ഇ-മെയിൽ ഐഡിയും വെബ്സൈറ്റിൽ നൽകേണ്ടതാണ്.

3. സെക്ഷനുകളിലെ ജോലികളുടെ വിശദാംശങ്ങളും സെക്ഷനുകളിലെ ടെലിഫോൺ നമ്പറുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന് തയ്യാറാക്കി നൽകുന്നതിനായി അതത് സെക്ഷനുകളുടെ ചുമതലയുള്ള അസിസ്റ്റന്റ് രജിസ്ട്രാർമാരെ ചുമതലപ്പെടുത്തുന്നു.

4. ഏതെങ്കിലും സെക്ഷനുകളിലെ / ഓഫീസർമാരുടെ ടെലഫോൺ പ്രവർത്തനക്ഷമമല്ലെങ്കിൽ പ്രസ്തുത വിവരം 3550 എന്ന നമ്പറിലോ EPABX -ന്റെ ചുമതലയുള്ള ഓവർസിയറെയോ അറിയിക്കേണ്ടതാണ്.

....2

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ.
അസിസ്റ്റന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ സെക്ഷനുകൾ / ഡിപ്പാർട്ട്മെന്റുകൾ / സെന്ററുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
6. പബ്ലിക് റിലേഷൻസ് ഓഫീസർ/ എഡി.സി I, II/ എഡി.എ III/ എഡി.എ VI/ ഓഡിറ്റ് II/III / FCC
7. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് / ഐ.ക്യൂ.എ.സി.
8. പി.ആർ.ഒ/കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ (തുടർനടപടികൾക്കായി)
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ്: ഫയൽ നം. എഡി.എ1-2-11/2018